ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന യുവജന കമ്മീഷൻ

**വികാസ് ഭവൻ തിരുവനന്തപുരം- 695003**

**ഫോൺ 0471 2308630 ഫാക്സ് 0471 2308530**

## കേരള സംസ്ഥാന യുവജന കമ്മീഷൻ 29-09-2019 ന് പുറപ്പെടുവിക്കുന്ന ഉത്തരവ്

**സന്നിഹിതർ : കുമാരി ചിന്താ ജെറോം, (ചെയർപേഴ്സൺ)**

**ശ്രീ.വിനിൽ വി (കമ്മീഷനംഗം)**

**അഡ്വ.മഹേഷ് .എം (കമ്മീഷനംഗം)**

**ശ്രീമതി.ഷജീറ.കെ.പി (കമ്മീഷനംഗം)**

**കേസ് നമ്പർ : നം. 1153/എ2/2018/കേ.സം.യു.ക.**

| പരാതി കക്ഷി | എതിർ കക്ഷി |
|---|---|
| **ജിതിൻ രാജ്** | **പ്രിൻസിപ്പാൾ** |
| മൂന്നാം വർഷ ബി.എസ്.സി. (മാത്സ്) | ശ്രീവ്യാസ എൻ.എസ്.എസ്. കോളേജ് |
| ശ്രീവ്യാസ എൻ.എസ്.എസ്. കോളേജ് | വ്യാസഗിരി പി.ഓ |
| വടക്കാഞ്ചേരി | വടക്കാഞ്ചേരി |
| പർളിക്കാട്, തൃശ്ശൂർ -680582. | പർളിക്കാട്, തൃശ്ശൂർ -680582. |

പരാതികക്ഷി എതിർകക്ഷിയുടെ സ്ഥാപനത്തിലെ വിദ്യാർത്ഥിയാണ്. എതിർകക്ഷിയും ഗണിതശാസ്ത്ര വിഭാഗം മധാവിയും ചേർന്ന് പരാതികക്ഷിയുടെ ഭാവി നശിപ്പിക്കുകയാണെന്നും ക്ലാസ്സിൽ ഹാജരായിട്ടും ഹാജർ നല്കുന്നില്ലായെന്നും വിദ്യാർത്ഥി എന്ന പരിഗണന നല്കുന്നില്ലായെന്നും കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതിയിൽ പരാതികക്ഷി ആരോപിച്ചു. പരാതിയിന്മേൽ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ, പരാതികക്ഷി ക്ലാസ്സിൽ ഹാജരായ ദിവസങ്ങളിലെ ഹാജർ നല്കിയിട്ടുണ്ടെന്നും ടിയാൾക്ക് അഞ്ചാം സെമസ്റ്ററിൽ 52% ഹാജർ മാത്രമയുള്ളൂവെന്നും പരാതിയിൽ ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്നും ബോധിപ്പിച്ചു. പരാതിയുടേയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ 31/8/19 ന് ഇരുകക്ഷികളോടും നേർവിചാരണയ്ക്കായി ഹാജരാകാൻ ആവശ്യപ്പെടുന്നുവെങ്കിലും എതിർകക്ഷി ഹാജരായിട്ടുള്ളതും പരാതികക്ഷി ഹാജരായിട്ടില്ലാത്തതുമാണ്. ടി സാഹചര്യത്തിൽ, കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## **ഉത്തരവ്**

പരാതികക്ഷി നിലവിൽ ബി.എസ്.സി (മാത്സ്) ആറാം സെമസ്റ്റർ പൂർത്തിയാക്കിയതായും അഞ്ചാം സെമസ്റ്റർ പരീക്ഷ എഴുതാൻ (സെമസ്റ്റർ ആവർത്തിക്കുന്നതിന്) സർവ്വകലാശാലയുടെ അനുമതി ആവശ്യമാണെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ പരാതികക്ഷിയുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് കോഴിക്കോട് സർവ്വകലാശാലാ രജിസ്ട്രാർക്ക് നിർദ്ദേശം നല്കി ഉത്തരവാകുന്നു.

**(ഒപ്പ്)**

**ചെയർപേഴ്സൺ**

**സെക്രട്ടറി**

**പകർപ്പ്**

**രജിസ്ട്രാർ**
കോഴിക്കോട് സർവ്വകലാശാല
തേഞ്ഞിപ്പലം
മലപ്പുറം.